മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി പ്രകാരമുള്ള ശ്രീമതി ശാന്തമ്മയുടെ അപേക്ഷ

36 (3136) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ കരീപ്ര വില്ലേജിൽപ്പെട്ട വാക്കനാട് രജനീഷ് മന്ദിരത്തിൽ ശാന്തമ്മയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിച്ചത് (9128/DRF/CM/14) എന്നാണ്; എത്ര രൂപയാണ് അനുവദിച്ചത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ശാന്തമ്മയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; എന്നാണ് ലഭ്യമാക്കിയത് എന്നറിയിക്കുമോ;

(സി) തുക ലഭ്യമാക്കിയിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; തുക അടിയന്തരമായി ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 16-12-2015-ലെ സ. ഉ. (സാധാ.) നമ്പർ 6676/15/റവ. പ്രകാരം കൊല്ലം ജില്ല, വാക്കനാട്, മുളവൂർക്കോണം, രജനി മന്ദിരത്തിൽ ശ്രീമതി ശാന്തമ്മയ്ക്ക് ടിയാളുടെ മകൻ അപകടമരണപ്പെട്ടതിന് ആശ്വാസ ധനസഹായമായി 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

37 (3137) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര രൂപ, എത്ര പേർക്കായി അനുവദിച്ചിട്ടുണ്ട്; അനുവദിച്ചതിൽ എത്ര പേർക്ക് എത്ര രൂപ വീതം സർക്കാർ ഉത്തരവായി; ഉത്തരവായതിൽ എത്രപേർക്ക് എത്ര രൂപയുടെ ചെക്ക് വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തുക അനുവദിച്ചുകൊണ്ട് നൽകിയ ചെക്ക് അക്കൗണ്ടിൽ പണമില്ലാതെ മടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ ചെക്കാണ് മടങ്ങിയത്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ ബാക്കിയുണ്ട്; ഏതു തീയതിവരെ ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 482375 പേർക്ക് 30-11-2015 വരെ 651,23,18,033 രൂപ (അറുന്നൂറ്റിയമ്പത്തൊന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി മൂപ്പത്തിമൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇക വിതരണം ചെയ്തവരുടെ വിവരങ്ങൾ ലഭ്യമാക്കുന്നത് പ്രായോഗികമല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അർഹരായ എല്ലാ അപേക്ഷകർക്കും ഇക അനുവദിച്ചിട്ടുണ്ട്.

കേരള ഷോളയാറിൽ ലഭിക്കേണ്ട വെള്ളം

38 (3138) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരള ഷോളയാറിൽ ലഭിക്കേണ്ട വെള്ളം ഈ വർഷം തമിഴ്നാട് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ചാലക്കുടിപ്പുഴയിലെ വേനൽക്കാല ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കരാർ പ്രകാരം ജലം ലഭ്യമാക്കുന്നതിനും കേരള ഷോളയാറിൽ നിന്നും ജലം താഴേക്ക് കൃത്യമായി ലഭ്യമാക്കുന്നതിനും ഷോളയാറിൽ നിന്നും ലഭിക്കുന്ന ജലം ഉപയോഗിച്ച് പെരിങ്ങൽക്കുത്തിൽ നിന്നും ആവശ്യമായ അളവിൽ പരമാവധി ജലനിർഗമനം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ പ്രകാരം ചാലക്കുടി നദീതടത്തിൽനിന്നും ഓരോ ജലവർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് ലഭിക്കേണ്ടതും പ്രസ്തുത ജലവിഹിതം കേരള ഷോളയാർ പവർഹൗസിൽ അളന്ന് പുറത്തുവിടേണ്ടതുമാണ്. നടപ്പ് ജലവർഷത്തിൽ (2015-16) 15-2-2016 വരെ 5856.94 എം.സി.എഫ്.റ്റി. ജലം കേരള ഷോളയാറിൽ വൈദ്യുതോല്പാദനത്തിനുശേഷം പെരിങ്ങൽക്കുത്തിലേയ്ക്ക് ഒഴുക്കിവിട്ടിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമായ 3849 എം.സി.എഫ്.റ്റി. ജലം കേരള ഷോളയാർ റിസർവോയറിൽ ലഭ്യമാണ്. ശേഷിക്കുന്ന 2594.06 എം.സി.എഫ്.റ്റി. ജലം 2016 ജൂൺ 30 വരെയുള്ള